## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **05-12-2022 - ൽ മറുപടിയ്ക്ക്**

## ബയോമെട്രിക്ക് പഞ്ചിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിൽ നടപ്പാക്കി വരുന്ന ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഐ.എ.എസ്. ഉദ്യോഗസ്ഥരെയും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെയും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങളും അതിനുള്ള കാരണവും അറിയിക്കാമോ; | (എ) | ഐ.എ.എസ് ഉദ്യോഗസ്ഥരിൽ ചീഫ് സെക്രട്ടറിയെ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പേഴ്സണൽ സ്റ്റാഫിന്റെ കാര്യത്തിൽ മന്ത്രിമാരുടെ ഓഫീസുകളുടെ ആവശ്യപ്രകാരം ജോലി സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ 154 പേരെ പഞ്ചിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാകുന്നതിലേക്കായി ഐ.എ.എസ് ഉദ്യോഗസ്ഥർ ഔട്ട് സൈഡ് ഡ്യൂട്ടി വ്യവസ്ഥ വ്യാപകമായ രീതിയിൽ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.എ.എസ് ഉദ്യോഗസ്ഥർ ഔട്ട് സൈഡ് ഡ്യൂട്ടി നിർവ്വഹിച്ചുവെന്ന കാര്യം എപ്രകാരമാണ് ഉറപ്പ് വരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന് പുറമെ സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന കേഡറിൽ സേവനമനുഷ്ഠിക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന് പുറമേ കേന്ദ്ര സർക്കാർ ആൾ ഇൻഡ്യ സർവ്വീസ് ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അലവൻസുകൾ (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഉൾപ്പെടെ) കൂടാതെ സംസ്ഥാന സർക്കാർ ചുവടെ പറയുന്ന പ്രധാനപ്പെട്ട അലവൻസുകളും അർഹരായ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്.<br><br>* എ.ഐ.എസ് ഓഫീസേഴ്സ് അലവൻസ് .<br><br>* ജോയിന്റ് സെക്രട്ടറി ഗ്രേഡിന് മുകളിലേയ്ക്കുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്കും സെക്രട്ടേറിയറ്റിൽ ജോലിചെയ്യുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്കും ദിനപത്രവും സാമ്പത്തിക കാര്യവുമായി ബന്ധപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനുള്ള അലവൻസ് തുടങ്ങിയവ. |

സെക്ഷൻ ഓഫീസർ